# 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ**
**സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും**
**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത**
**പ്രകാരമുള്ള ബില്ലും**

2271/2012.

## സബ്ജക്റ്റ് കമ്മിറ്റി IX

### തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

### (2011-13)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

* ശ്രീ. മഞ്ഞളാംകുഴി അലി,
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. അച്ചുതൻ, എം. എൽ. എ.

ശ്രീ. സി. മമ്മൂട്ടി, എം. എൽ. എ.

ശ്രീ. പി. റ്റി. എ. റഹീം, എം. എൽ. എ.

ശ്രീ. വി. ശിവൻകുട്ടി, എം. എൽ. എ.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ, എം. എൽ. എ.

ശ്രീ. ഇ. കെ. വിജയൻ, എം. എൽ. എ.

ശ്രീ. കെ. വി. വിജയദാസ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. വിൽസൺ വി. ജോൺ, അഡീഷണൽ സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

# 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജകട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയച്ച 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ (ബിൽ നമ്പർ 144), കമ്മിറ്റി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ 2012 ഒക്ടോബർ 30-ാം തീയതി ഒരു സാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2012 ഡിസംബർ 11-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സബ്ജകട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2012 ഡിസംബർ 13-ാം തീയതി കമ്മിറ്റി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 3

3-ാം ഖണ്ഡ പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 334 എ വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന്റെ പ്രാരംഭ വാചകത്തിൽ "മൂന്ന് നിലകളിൽ കൂടുതലുള്ള വീടുകൾ" എന്നീ വാക്കുകൾക്ക് പകരം "ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ, 600 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൾ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിൽ, "മുനിസിപ്പാലിറ്റി മുഖേന ഉറപ്പുവരുത്തുന്നതിനായി" എന്നു തുടങ്ങി "മുനിസിപ്പാലിറ്റിയിൽ അടയ്ക്കേണ്ടതും" എന്ന് അവസാനിക്കുന്നതു വരെയുള്ള വാക്കുകൾക്ക് പകരം "മുനിസിപ്പാലിറ്റി മുഖേനയോ സർക്കാർ അംഗീകാരമുള്ള മാലിന്യ സംസ്കരണ ഏജൻസികൾ മുഖേനയോ ഉറപ്പുവരുത്തുന്നതിനായി മാലിന്യത്തിന്റെ അളവ്, തരം എന്നിവയ്ക്കനുസൃത മായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് അങ്ങനെയുള്ള രീതിയിൽ നൽകേണ്ടതും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (1)-ാം ഉപവകുപ്പിന്റെ (ഡി) ഖണ്ഡത്തിൽ, "സംസ്ക്കരിക്കേണ്ടതും" എന്ന വാക്കിനു ശേഷം "അപ്രകാരം ശാസ്ത്രീയമായി സംസ്ക്കരിക്കാൻ കഴിയാത്ത പക്ഷം മലിനജലം ശാസ്ത്രീയമായി സംസ്ക്കരിക്കുന്ന സർക്കാർ അംഗീകൃത ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) (4)-ാം ഉപവകുപ്പിലെ "ഇരുന്നൂറ്റി അൻപത്" എന്ന വാക്കുകൾക്ക് പകരം "ആയിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2012 ഡിസംബർ 13.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

## അനുബന്ധം

## വിയോജനക്കുറിപ്പ്

2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ ഞങ്ങൾ താഴെപ്പറയുന്ന വിയോജനം രേഖപ്പെടുത്തുന്നു.

സമഗ്രമല്ലാത്തതിനാലും, 143എ വകുപ്പിനുള്ള ഭേദഗതി എല്ലാകാലത്തേയ്ക്കും, പതിനഞ്ചു മാസത്തേക്ക് നീട്ടുന്നതിന്റെ ആവശ്യമില്ലാത്തതിനാലും വിയോജിപ്പ് രേഖപ്പെടുത്തുന്നു.

334-ാം വകുപ്പിന്റെ ഭേദഗതി, കേരളത്തിലെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടത്ര പര്യാപ്തമല്ലാത്തതിനാലും ധനകാര്യ മെമ്മോറാണ്ടത്തിൽ വേണ്ടത്ര അവഗാഹം പ്രകടിപ്പിക്കാത്തതിനാലും വിയോജിപ്പ് രേഖപ്പെടുത്തുന്നു.

മാലിന്യ നിർമ്മാർജ്ജന ഫണ്ട്, സമാഹരണവും വിനിയോഗവും സംബന്ധിച്ച പുതിയ വകുപ്പ് 334സി അവ്യക്തമായതിനാലും വിയോജിപ്പ് രേഖപ്പെടുത്തുന്നു.

| | |
|---|---|
| പി. ശ്രീരാമകൃഷ്ണൻ, എം.എൽ.എ. | (ഒപ്പ്) |
| ഇ. കെ. വിജയൻ, എം.എൽ.എ. | (ഒപ്പ്) |
| പി. റ്റി. എ. റഹീം, എം.എൽ.എ. | (ഒപ്പ്) |

# 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ളത്)

[അടിവരയിട്ടതും വശത്തുവരച്ചതും കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു.]

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ളിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 2-ാം വകുപ്പ് 2010 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വകുപ്പുകൾ 2011 നവംബർ 25-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 143എ വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 143എ വകുപ്പ് (1)-ാം ഉപവകുപ്പിൽ "മൂന്ന് മാസത്തിനകം" എന്ന വാക്കുകൾക്ക് പകരം "പതിനഞ്ച് മാസങ്ങൾക്കകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 334-ാം വകുപ്പിനുശേഷം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 334-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

334എ. മാലിന്യങ്ങൾ ഉറവിടത്തിൽ കൈകാര്യം ചെയ്യൽ.—(1) ഈ ആക്റ്റിലെ 326 മുതൽ 334 വരെ വകുപ്പുകളിലും 335, 336 എന്നീ വകുപ്പുകളിലും എന്തുതന്നെ അടങ്ങിയിരുന്നാലും, വ്യാപാരകേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, കല്യാണമണ്ഡപങ്ങൾ, ഫ്ളാറ്റുകൾ,

ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ, 600 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൾ മുനിസിപ്പാലിറ്റികൾ വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥൻ അല്ലെങ്കിൽ നിയമപരമായി അവയുടെ നടത്തിപ്പോ നിയന്ത്രണമോ ഉള്ള ആൾ,—

(എ) അത്തരം കെട്ടിടങ്ങളിൽ, സ്ഥാപനങ്ങളിൽ അല്ലെങ്കിൽ സ്ഥലങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും മുനിസിപ്പാലിറ്റിയുടെ ബൈലാകളിൽ അനുശാസിക്കുന്ന പ്രകാരവും മാലിന്യങ്ങളുടെ ഉടവിടസ്ഥലത്ത് തന്നെ ജൈവ-ജൈവേതര മാലിന്യങ്ങളായി തരംതിരിച്ച് സൂക്ഷിക്കേണ്ടതും ഇതിനായി മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും;

(ബി) (എ) ഖണ്ഡപ്രകാരം തരംതിരിച്ച ജൈവമാലിന്യങ്ങൾ 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിലെയും (1986-ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായും ജലം, വായു, ശബ്ദം എന്നിവയുടെ മലിനീകരണം ഉണ്ടാക്കാത്തവിധത്തിലും അത്തരം മാലിന്യങ്ങളുടെ ഉറവിടസ്ഥലത്ത് തന്നെയോ സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി അങ്ങനെയുള്ള ആളുടെ ഉടമസ്ഥതയിലുള്ള സമീപപ്രദേശത്തുള്ള സ്ഥലത്തുവച്ചോ യുക്തമായ രീതിയിൽ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടതും ഈ ആവശ്യത്തിനായി സ്ഥലപരിമിതിയുള്ളപക്ഷം അത്തരം മാലിന്യസംസ്ക്കരണം മുനിസിപ്പാലിറ്റി മുഖേനയോ സർക്കാർ അംഗീകാരമുള്ള മാലിന്യ സംസ്കരണ ഏജൻസികൾ മുഖേനയോ ഉറപ്പുവരുത്തുന്നതിനായി മാലിന്യത്തിന്റെ അളവ്, തരം എന്നിവയ്ക്കനുസൃതമായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് അങ്ങനെയുള്ള രീതിയിൽ നൽകേണ്ടതും;

(സി) (എ) ഖണ്ഡപ്രകാരം തരംതിരിച്ച അജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അത്തരം മാലിന്യങ്ങൾ കാരണമാകുന്ന സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതോ വിതരണം ചെയ്യുന്നതോ ആയ സ്ഥാപനവുമായോ ആളുമായോ അത്തരം സാധനങ്ങളുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ തിരിച്ചെടുക്കുന്നതിനുള്ള കരാറിലേർപ്പെടേണ്ടതും അല്ലാത്തപക്ഷം ഇതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള നിരക്കിലുമുള്ള ഫീസ് അത്തരം കാലയളവിൽ മുനിസിപ്പാലിറ്റിയിൽ അടയ്ക്കേണ്ടതും;

(ഡി) അത്തരം കെട്ടിടങ്ങളിലും സ്ഥാപനങ്ങളിലും സ്ഥലങ്ങളിലും ഉണ്ടാകുന്ന മലിനജലം ഉറവിടസ്ഥലത്തുതന്നെ ശാസ്ത്രീയമായി സംസ്ക്കരിക്കേണ്ടതും അപ്രകാരം ശാസ്ത്രീയമായി സംസ്ക്കരിക്കാൻ കഴിയാത്തപക്ഷം മലിനജലം ശാസ്ത്രീയമായി സംസ്ക്കരിക്കുന്ന സർക്കാർ അംഗീകൃത ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതും മലിനജലം ജലാശയങ്ങളിലേക്കോ ഓടകളിലേക്കോ പൊതുവഴിയിലേക്കോ പൊതുസ്ഥലങ്ങളിലേക്കോ ഒഴുകാൻ അനുവദിക്കാൻ പാടില്ലാത്തതും;

ആകുന്നു.

(2) (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവയ്ക്ക് പ്രസ്തുത ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ അവയുടെ നിർമ്മാണവേളയിൽ തന്നെ ഉണ്ടായിരിക്കേണ്ടതും അപ്രകാരുമുള്ള സംവിധാനങ്ങൾ ഇല്ലാത്തവയ്ക്ക് പ്രവർത്തനാനുമതിയോ ലൈസൻസോ മുനിസിപ്പാലിറ്റി നൽകാൻ പാടില്ലാത്തതും നിലവിലുള്ള അത്തരം കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവയുടെ സംഗതിയിൽ അത്തരം സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനോ സംവിധാനത്തിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനോ ഒരു വർഷത്തിൽ കൂടാതെയുള്ള കാലയളവ് സെക്രട്ടറിക്ക് അനുവദിക്കാവുന്നതും മതിയായ സംവിധാനം ഉണ്ടാക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസും പ്രവർത്തനാനുമതിയും ബന്ധപ്പെട്ട കക്ഷിക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയശേഷം റദ്ദാക്കാവുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനം നടത്തുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, ആറ് മാസത്തിൽ കുറയാതെയും ഒരു വർഷംവരെ ആകാവുന്നതുമായ കാലത്തേക്കുള്ള തടവോ പതിനായിരം രൂപയിൽ കുറയാതെയും അമ്പതിനായിരം രൂപവരെ ആകാവുന്നതുമായ പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം ശിക്ഷിക്കപ്പെട്ട ഏതൊരാളും (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും ആയിരം രൂപയിൽ കുറയാതെയുള്ള പിഴയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതാണ്.

334. ബി. സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും നിയന്ത്രണവും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യലും.—(1) 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിലെയും (1986-ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി,—

(എ) സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള വിവിധതരം പ്ലാസ്റ്റിക് സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും ഏറ്റവും കുറഞ്ഞ വില വിജ്ഞാപനപ്രകാരം മുനിസിപ്പാലിറ്റി നിശ്ചയിക്കേണ്ടതും അങ്ങനെ നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞ വിലയ്ക്കോ സൗജന്യമായോ അത്തരം സഞ്ചികളോ കവറുകളോ യാതൊരു സ്ഥാപനമോ ആളോ വിൽക്കുകയോ നൽകുകയോ ചെയ്യാൻ പാടില്ലാത്തതും യാതൊരു സ്ഥാപനമോ ആളോ അപ്രകാരം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തുവാനാവശ്യമായ നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിക്കേണ്ടതുമാണ് ;

(ബി) 447-ാം വകുപ്പുപ്രകാരം ലൈസൻസിന് അപേക്ഷിക്കുന്ന ഒരു അപേക്ഷകൻ അയാളുടെ സ്ഥാപനത്തിലൂടെ പ്ലാസ്റ്റിക് സഞ്ചികളോ പ്ലാസ്റ്റിക് കവറുകളോ വിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അങ്ങനെയുള്ള വിവരം അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഇതിനായി സാധാരണ ലൈസൻസ് ഫീസിന് പുറമെ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കാലയളവിലേക്ക്, വിൽക്കാനുദ്ദേശിക്കുന്ന പ്ലാസ്റ്റിക് സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും ഏകദേശ എണ്ണത്തിനോ അളവിനോ അനുസരിച്ച്, അങ്ങനെയുള്ള ഒരു നിശ്ചിത തുക അധികഫീസായി മുനിസിപ്പാലിറ്റിക്ക് ഈടാക്കാവുന്നതുമാണ്;

(സി) പാഴ് പ്ലാസ്റ്റിക് സഞ്ചികളും പ്ലാസ്റ്റിക് കവറുകളും ഓരോ ഉപഭോക്താവും മറ്റു മാലിന്യങ്ങളിൽ നിന്നും തരംതിരിച്ച് സൂക്ഷിക്കേണ്ടതും അവ കൗൺസിൽ ഉണ്ടാക്കിയേക്കാവുന്ന ബൈലാകളിൽ അനുശാസിക്കുന്നവിധം കൈകാര്യം ചെയ്യേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ (എ) ഖണ്ഡത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാൾക്കും എതിരെ പ്രസ്തുത കേന്ദ്ര ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം സെക്രട്ടറി പരാതി സമർപ്പിക്കേണ്ടതാണ്.

334 സി. മാലിന്യനിർമ്മാജ്ജന ഫണ്ടിന്റെ രൂപീകരണം.—മുനിസിപ്പാലിറ്റിയുടെ പ്രദേശത്ത് ഉണ്ടാകുന്ന മാലിന്യനിർമ്മാർജ്ജന ആവശ്യങ്ങളിലേക്കായി, പ്രത്യേകിച്ചും പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനായി, മുനിസിപ്പാലിറ്റി 'മാലിന്യ നിർമ്മാജ്ജന ഫണ്ട്' എന്ന പേരിൽ ഒരു പ്രത്യേക നിധി സ്വരൂപിക്കേണ്ടതും, നിധിയിൽ,—

(എ) 334ബി വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡപ്രകാരം ഈടാക്കുന്ന അധികഫീസ്;

(ബി) മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കേസുകളിൽ ഈടാക്കുന്ന പിഴസംഖ്യ;

(സി) ഈ ആവശ്യത്തിലേക്കായി സർക്കാർ അനുവദിക്കുന്നതോ, മറ്റ് ഏജൻസികളോ, ആളോ നൽകുന്നതോ ആയ തുകകൾ;

എന്നിവ വരവുവയ്ക്കേണ്ടതും ആയത് നിർണ്ണയിക്കപ്പെടാവുന്നപ്രകാരം കൈകാര്യം ചെയ്യേണ്ടതുമാണ്.".

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2012-ലെ 43) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്:

എന്നാൽ, 2012 ജൂലൈ 23-ാം തീയതി മുതൽ 2012 ആഗസ്റ്റ് 13-ാം തീയതി വരെയുള്ള കാലയളവിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2012 ഡിസംബർ 13.

പി. ഡി. ശാരംഗധരൻ,
*സെക്രട്ടറി.*